തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പട്ടികജാതിയിലും കുടുംബവർഗ്ഗത്തിലുംപെട്ട 678 വിദ്യാർത്ഥികൾ വിവിധകാളേജുകളിലായി പഠിച്ചിരുന്നു.

(ബി) ഓരോ കാളേജുകളുടെയും അതിൽ പഠിച്ചിരുന്ന പട്ടികജാതി വിദ്യാർത്ഥികളുടെയും എണ്ണം കാണിക്കുന്ന പട്ടിക മേശമേൽ വയ്ക്കുന്നു.*

(സി) 430045 രൂപാ.

Transfer of Constables.

* 875. [48] SHRI M. WILLIAM: Will the Home Minister be pleased to state:

(a) will the Government be pleased to take early steps to transfer the poor paid constables to the Police Stations in the respective taluks to which they belong; and

(b) what stands in the way of the Government to transfer the Tamilian Constables to the Taluks in the Southern portion of the Travancore-Cochin State?

Home Minister (SHRI A. J. JOHN):

(a) As far as possible, Constables are being posted to stations in or near the Taluks to which they belong, when it is considered that it is not detrimental to the interests of service.

(b) It may not always be possible to transfer all Tamilian constables to Southern Taluks in the larger interest of work in the District.

വർഷച്ചെമ്മീക്കെട്ട്

* 876. [50] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമത്തിനെതിരായി വർഷച്ചെമ്മീക്കെട്ട് തുടർന്നുകൊണ്ടുപോകുന്ന ഏതു ചെമ്മീക്കെട്ട് ഉടമസ്ഥന്മാരുടെപേരിൽ കേസെടുത്തിട്ടുണ്ട്;

(ബി) വർഷച്ചെമ്മീക്കെട്ട് നടത്തുവാൻ ഗവണ്മെൻറ് ഏതെങ്കിലും ചെമ്മീക്കെട്ടുടമസ്ഥന്മാർക്ക് ഇക്കൊല്ലം പറവൂർ താലൂക്കിൽ അനുവാദം നൽകിയിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ആരുടെയും പേരിൽ കേസെടുക്കേണ്ടതായി വന്നിട്ടില്ല.

(ബി) നിലവിലിരിക്കുന്ന രീതിയനുസരിച്ച് ലൈസൻസ് എടുക്കുന്ന ഒരാൾക്ക് തിരുവിതാംകൂർ ഭാഗത്തു ചിങ്ങമാസം ഒന്നാംതീയതി മുതൽ കുംഭമാസം അവസാനംവരെ ചെമ്മീൻ വാറുവാൻ അവകാശമുണ്ട്. പറവൂർ താലൂക്കിലും ഈ രീതി ബാധകമാക്കികൊണ്ടു പ്രത്യേക അനുവാദം കൂടാതെതന്നെ നിലമുടമസ്ഥന്മാർക്ക് വിരോധമില്ലെങ്കിൽ ന്യായപ്രകാരം വർഷകാലത്തും ചെമ്മീക്കെട്ട നടത്താവുന്നതാണ്.

* Please see Appendix No. XIV.

LIBRARY ARCHIVES Kerala Legislative Assembly